# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 484 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി നേട്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി കേരളത്തിന് ഗുണകരമാണോ; ഏതെല്ലാം മേഖലകളിലാണ് ഇത് കേരളത്തിന് ഗുണകരമാകുന്നത്; | (എ) യും (ബി) യും | ചരക്ക സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. ഇത് പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ 5 വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ |
| (ബി) | ചരക്ക് സേവന നികുതി വന്നതിനുശേഷം കേരളത്തിന് വന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; ഇത് ഭാവിയിൽ കേരളത്തിന്റെ സമ്പദ്ഘടനയെ എപ്രകാരമാണ് ബാധിക്കുക; വിശദവിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർ സംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനു നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടി. യിൽ ഈ നികുതിയും കേരളത്തിനു ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (സി) | ഏതെല്ലാം ഇനങ്ങൾക്കാണ് ഇതുമൂലം വില കൂടുന്നതും കുറയുന്നതും; വിശദവിവരം നൽകുമോ? | (സി) | ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി നിയമപ്രകാരം പ്രധാനപ്പെട്ട 100 ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജനതാല്പര്യാർത്ഥം പത്രങ്ങളിൽ ഇതിനകം തന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**